പൊതു വിദ്യാഭ്യാസ

ഡയറക്ടറുടെ കാര്യാലയം,

ഹയർസെക്കണ്ടറി വിഭാഗം,

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. ICT Cell/1771/4/HSE/2019 31/08/2019

# സർക്കുലർ

വിഷയം: മെരിറ്റ് വേക്കൻസി സീറ്റുകളിലെ അഡ്മിഷൻ : അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

**സൂചന: : ഇതേ നമ്പറിൽ ആഗസ്റ്റ് 28 ലെ സർക്കുലർ**

വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും നാളിതുവരെ അലോട്ട്മെൻറ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസിയിൽ പ്രവേശനം നേടുന്നതിനായി **സെപ്റ്റംബർ 2 ,3, 4 തീയതികളിൽ** അപേക്ഷ സമർപ്പിക്കാം. എന്നാൽ നിലവിൽ വിവിധ ക്വാട്ടകളിലൂടെ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. നിലവിലുള്ള വേക്കൻസി അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in -ൽ **സെപ്റ്റംബർ 2 ന്** പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വേക്കൻസിയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ വേക്കൻസിയുള്ള സ്കൂൾ പ്രിൻസിപ്പാളിന് /നേരത്തെ അപേക്ഷ സമർപ്പിച്ച സ്കൂൾ പ്രിൻസിപ്പാളിന് **സെപ്റ്റംബർ 4 ന്** വൈകിട്ട് 4 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഒരു **വിദ്യാർത്ഥി** ഒരു **അപേക്ഷ** മാത്രമെ **സമർപ്പിക്കേണ്ടതുള്ളു. പ്രസ്തുത അപേക്ഷയിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസികൾക്കനുസൃതമായി എത്ര സ്കൂൾ/കോഴ്സുകൾ വേണമെങ്കിലും ഓപ്ഷനായി ഉൾപ്പെടുത്താവുന്നതാണ്.** മാതൃകാഫാറം വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരത്തിൽ സ്കൂളുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ കേന്ദ്രീകൃതമായി പരിഗണിച്ച് മെരിറ്റ് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അഡ്മിഷൻ വെബ്സൈറ്റിൽ **സെപ്റ്റംബർ 5 ന്** പ്രസിദ്ധീകരിക്കുന്നതാണ്. അഡ്മിഷൻ ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള സ്കൂൾ/കോഴ്സ് ,റാങ്ക് ലിസ്റ്റിലൂടെ മനസ്സിലാക്കി അപേക്ഷകർ രക്ഷകർത്താക്കളോടൊപ്പം പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സ്കൂളിൽ **സെപ്റ്റംബർ 6 ന്** ഉച്ചയ്ക്ക് 2 മണി മുതൽ 3 മണിക്കു മുമ്പായി യോഗ്യതാ സർട്ടിഫിക്കറ്റ് , വിടുതൽ

സർട്ടിഫിക്കറ്റ് , സ്വഭാവ സർട്ടിഫിക്കറ്റ് ,അപേക്ഷയിൽ ബോണസ് പോയിൻറ് ലഭിക്കുന്നതിന് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ അസ്സൽ രേഖകളും ഫീസുമായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. **ഇത്തരത്തിൽ ഹാജരാകുന്ന വിദ്യാർത്ഥികളുടെ യോഗ്യതാ മെരിറ്റ് മാനദണ്ഡങ്ങൾ റാങ്ക് ലിസ്റ്റിൻെറ സഹായത്തോടെ ഉറപ്പാക്കി പ്രസിദ്ധപ്പെടുത്തിയ വേക്കൻസിക്ക് തുല്യമായ സീറ്റുകളിൽ അതത് പ്രിൻസിപ്പൽമാർ അന്നേ ദിവസം 3 മണിക്ക് ശേഷം വൈകിട്ട് 4 മണിക്കുള്ളിൽ പ്രവേശനം നടത്തുന്നതാണ്.**

**ജോയിൻറ് ഡയറക്ടർ(അക്കാദമിക്)**